**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2558** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ്, മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭകർക്കായി ഏർപ്പെടുത്തിയ ഓൺലൈൻ ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമായ കെസ്വിഫ്റ്റ്, 2019 ഫെബ്രുവരിയിൽ നിലവിൽ വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. കൂടുതൽ വകുപ്പുകളുടെ കൂടുതൽ സേവനങ്ങൾ കെസ്വിഫ്റ്റ് വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെസ്വിഫ്റ്റ് ഇപ്പോൾ സജ്ജമാണ്. പൂർണ്ണനിലക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെസ്വിഫ്റ്റിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനും വേണ്ടിയാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽനികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെസ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ, 2019-ൽ സർക്കാർ നടപ്പിലാക്കിയ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' പ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ |

| | | | |
|---|---|---|---|
| | | | പെടാത്തതുമായ സ്ഥാപനങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അടിസ്ഥാനമാക്കി ലഭ്യമാകുന്ന അക്നോളജ്മെന്റ് സർട്ടിഫിക്കറ്റും കെസ്വിഫ്റ്റ് വഴിയാണ് നൽകിവരുന്നത്. |
| (ബി) | മീറ്റ് ദി ഇൻവെസ്റ്റർ പദ്ധതിയുടെ ഭാഗമായി വ്യവസായ രംഗത്ത് ഉണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കേരളത്തിൽ സംരംഭം ആരംഭിക്കുവാനും നിക്ഷേപം നടത്തുവാനും സന്നദ്ധത പ്രകടിപ്പിക്കുന്ന സംരംഭകരെ നേരിൽ കാണുകയും അവർക്ക് സാധ്യമായ എല്ലാവിധ സഹായ സഹകരണങ്ങളും ഉറപ്പാക്കുകയും, പദ്ധതി പുരോഗതി മന്ത്രിതലത്തിൽതന്നെ നേരിട്ട് വിലയിരുത്തുകയും ചെയ്യുന്ന ഒരു നൂതന ആശയമാണ് 'മീറ്റ് ദ ഇൻവെസ്റ്റർ'. പ്രസ്തുത പരിപാടിയിൽനിന്നും പരിണമിക്കുന്ന പദ്ധതികളുടെ തുടർനടപടികൾ സുഗമമാക്കുന്നതിനും അവർക്ക് നിയമപരമായി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിനും കെ. എസ്. ഐ. ഡി.സി-യെയും കിൻഫ്ര-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുമുള്ള നടപടികളോ അനുമതികളോ ആവശ്യമായ ഘട്ടങ്ങളിൽ അവ സുഗമമാക്കാൻ അതതു മന്ത്രിമാരുമായി നേരിട്ട് തന്നെ പ്രവർത്തിക്കുകയും സഹകരണം ഉറപ്പാക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ